"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് ജില്ലയിലെ അഴിയൂർ സെൻട്രൽ എൽ.പി സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. അബ്ദുൾ സലീം.പി.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 2682/2022 മേലുള്ള 27/01/22 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4731/2022/GEDN തീയതി,തിരുവനന്തപുരം, 12-08-2022

---

പരാമർശം:-

1 14/8/2019 ലെ J3/125/2019/പൊ.വി.വ. സർക്കുലർ

2 ശ്രീ. അബ്ദുൾ സലീം.പി.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 2682/2022 നമ്പർ റിട്ട് ഹർജി

3 ശ്രീ. അബ്ദുൾ സലീം.പി.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 2682/2022 മേലുള്ള 27/01/22 ലെ വിധിന്യായം

4 05/04/2022 ലെ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി5/1709/22 നമ്പർ റിപ്പോർട്ട്.

5 31/03/2022 ലെ ചോമ്പാല, അഴിയൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/680/22-ാം നമ്പർ റിപ്പോർട്ട്.

6 05/04/2022 ലെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി3/1242/2022/ഡി.ഡി.ഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ അഴിയൂർ സെൻട്രൽ എൽ.പി സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. അബ്ദുൾ സലീം.പി.എം. പരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം 2682/2022 മേലുള്ള പരാമർശം 3 ലെ വിധിന്യായത്തിൽ, ഹർജിക്കാരനെ നേരിൽ കേട്ടതിനുശേഷം Ext.P10 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ടി വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും 7/4/22 തീയതിയിൽ നേരിൽ കേട്ടു.

3. ടി സ്കൂളിൽ 2006-07 വർഷം മുതൽ ഫുൾടൈം അറബിക് തസ്തിക അനുവദിക്കുന്നതിന് കുട്ടികളുണ്ടായിരുന്ന സാഹചര്യത്തിൽ 2006-07 വർഷം മുതൽ ഫുൾടൈം ആനുകൂല്യം പരാമർശം 1 സർക്കുലറിലെ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ

അനുവദിക്കണമെന്നതാണ് Ext.P10 റിവിഷൻ ഹർജിയിലെ ആവശ്യം.

4. സർക്കാർ ഈ വിഷയം നിലവിലെ ഉത്തരവുകൾ, ചട്ടങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

5. ടി സ്കൂളിൽ 2000-2001 അധ്യയന വർഷം അനുവദിച്ച ഫുൾടൈം അറബിക് തസ്തിക കുട്ടികളുടെ എണ്ണം കുറഞ്ഞതിനെ തുടർന്ന് 2001-2002 വർഷത്തിൽ നിർത്തലാക്കുകയും, ടി തസ്തികയിൽ ജോലി ചെയ്തിരുന്ന അധ്യാപകൻ പ്രസ്തുത വർഷം വിരമിക്കുകയും ചെയ്തിട്ടുണ്ട്. 2003-2004 അധ്യായന വർഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്ന് ഒരു പാർട്ട് ടൈം അറബിക് തസ്തിക അനുവദിക്കുകയും, ടി തസ്തികയിൽ 9/6/2003 മുതൽ ഹർജിക്കാരനെ മാനേജർ നിയമിക്കുകയും ചെയ്തിരുന്നു. ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്.

6. 2006-07 വർഷത്തിലെ തസ്തിക നിർണ്ണയ റിപ്പോർട്ട് പ്രകാരം I-V വരെ ക്ലാസ്സുകളിലായി അറബിക് പഠിക്കുന്നതിന് ആകെ 36 കുട്ടികളാണ് ഉണ്ടായിരുന്നത്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം അനുവദിക്കുന്നതിനായി മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീലിൽ സ്കൂളിൽ പരിശോധന നടത്തിയതിൽ ഫുൾടൈം തസ്തിക അനുവദിക്കുന്നതിന് കുട്ടികളുണ്ടെന്ന് കണ്ടെത്തിയിരുന്നു. 17/8/2005 ലെ G.O(P) 317/2005/GEDN ഉത്തരവ് പ്രകാരം നിയമന നിരോധനം ടി കാലയളവിൽ നിലനിന്നിരുന്നതിനാലാണ് ഫുൾടൈം തസ്തിക അനുവദിയ്ക്കാതിരുന്നത് എന്നാണ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അധിക തസ്തികയിലെ നിയമനാംഗീകാരത്തിനായി 10/10 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാതിരുന്നതിനാലാണ് 2006-2007, 2007-2008, അധ്യയന വർഷങ്ങളിൽ ഫുൾടൈം തസ്തിക അനുവദിക്കുന്നതിന് കുട്ടികൾ ഉണ്ടായിരുന്നിട്ടും ആയത് അനുവദിക്കാതിരുന്നത് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുടർന്ന് 5 വർഷം പൂർത്തിയായ 8/6/2008 മുതൽ 2/5/1973 ലെ G.O(MS) 62/73/GEDN ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് ഫുൾടൈം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

7. പാർട്ട്ടൈം തസ്തിക ഫുൾടൈം തസ്തികയായി മാറുമ്പോൾ അധിക തസ്തികയാകുന്നില്ല എന്നതിനുള്ള സ്പഷ്ടീകരണം നൽകിക്കൊണ്ടാണ് 14/8/2019 ലെ ജെ3/125/2019/പൊ.വി.വ. സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മുൻവർഷം ഉണ്ടായിരുന്ന ഒരു പാർട്ട്ടൈം തസ്തിക തൻവർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിലൂടെ ഫുൾടൈം തസ്തിക ആയി മാറുമ്പോൾ അപ്രകാരമുള്ള ഫുൾടൈം തസ്തിക അധിക തസ്തികയാകുന്നില്ല എന്നാണ് KER അദ്ധ്യായം 14 എ ചട്ടം 8 (1) ന്റെ രണ്ടാമത്തെ പ്രൊവൈസോ വ്യക്തമാക്കുന്നത് എന്നാണ് മേൽ പരാമർശിച്ചിട്ടുള്ള സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളത്.

8. 2002-2003 ൽ ഫുൾടൈം അറബിക് തസ്തിക നഷ്ടപ്പെട്ട ടി സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്ന് പാർട്ട്ടൈം അധിക അറബിക് തസ്തിക അനുവദിക്കുകയും ടി തസ്തികയിലാണ് ഹർജിക്കാരൻ നിയമനാംഗീകാരത്തോടെ തുടർന്ന് വരികയും ചെയ്തിട്ടുള്ളത്. 2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ, ഫുൾടൈം തസ്തികയ്ക്കുള്ള കുട്ടികൾ ഉണ്ടായിരുന്നിട്ടും ആയത് അനുവദിക്കാതിരുന്നത് ആ കാലയളവിൽ നിയമന നിരോധനം

നിലനിന്നിരുന്നതിനാലാണ്. ടി നിയമന നിരോധനം 10/10 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി പിൻവലിക്കുകയും, തുടർന്നുള്ള വർഷങ്ങളിലെ അധിക തസ്തികകളിലെ നിയമനങ്ങൾക്ക് 1:1 അനുപാതത്തിൽ നിയമനം നടത്താൻ തയ്യാറാണെന്ന സമ്മത പത്രം മാനേജർമാർ സമർപ്പിക്കുന്ന മുറയ്ക്ക് 2006-07 കാലഘട്ടങ്ങളിലെ അധിക തസ്തികയിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2006-07 ൽ പാർട്ട്ടൈം തസ്തിക ഫുൾടൈം ആയി മാറിയപ്പോൾ ആയത് അധിക തസ്തികയായി കണക്കിലെടുത്താണ് ബന്ധപ്പെട്ട ഓഫീസർമാർ ഫുൾടൈം തസ്തികയിലെ അംഗീകാരം നിരസിച്ചിട്ടുള്ളത്.

9. 2006-2007, 2007-2008 അധ്യയന വർഷങ്ങളിൽ ഫുൾടൈം തസ്തിക അനുവദിക്കുന്നതിന് മതിയായ എണ്ണം കുട്ടികളുണ്ടായിരുന്നെന്ന് ബന്ധപ്പെട്ട ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ 14/8/2019 ലെ സർക്കുലറിലെ "പാർട്ട്ടൈം തസ്തിക ഫുൾടൈം തസ്തികയായി മാറുമ്പോൾ അധിക തസ്തികയാകുന്നില്ല" എന്ന സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ മേൽ കാലയളവുകളിൽ ഫുൾടൈം തസ്തിക അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

10. 2003-2004 അധ്യായന വർഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്ന് ഒരു പാർട്ട് ടൈം അറബിക് തസ്തിക അനുവദിക്കുകയും ടി തസ്തികയിൽ 9/6/2003 മുതൽ ഹർജിക്കാരനെ മാനേജർ നിയമിക്കുകയും ചെയ്തിരുന്നു. ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. 2006-07 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ ഫുൾടൈം തസ്തിക അനുവദിക്കുന്നതിന് കുട്ടികളുണ്ടെന്നും 14/08/2019 ലെ J3/125/2019 സർക്കുലർ പ്രകാരം മുൻ വർഷം പാർട്ട് ടൈം തസ്തികയായി തുടരുകയും തസ്തികനിർണ്ണയത്തിൽ ഫുൾ ടൈം തസ്തികയായി മാറിയപ്പോൾ പുതിയ തസ്തികയായല്ല മറിച്ച് ടി തസ്തികയുടെ സ്വഭാവം മാറുന്നു എന്നതല്ലാതെ അധിക തസ്തിക സൃഷ്ടിക്കുന്നില്ല എന്ന സ്പഷ്ടീകരണമാണ് നൽകിയിട്ടുള്ളത്. അപ്രകാരം 2005-06 വരെ പാർട്ട്ടൈം തസ്തികയായി തുടരുകയും 2006-07ൽ ഫുൾ ടൈം തസ്തികയായി മാറുന്നതിന് കുട്ടികൾ ലഭ്യമെങ്കിൽ 14/08/2019 ലെ J3/125/2019 സർക്കുലർ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു.

11. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ സെൻട്രൽ എൽ.പി സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. അബ്ദുൾ സലീം.പി.എം.സമർപ്പിച്ച Ext.P10 റിവിഷൻ ഹർജി പരാമർശം 1 സർക്കുലർ പ്രകാരം പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള പരാമർശം 3 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, മാനാഞ്ചിറ, കോഴിക്കോട്- 673001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചോമ്പാല, കോഴിക്കോട്- 673308

ജില്ലാവിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്- 673101

അബ്ദുൾസലീം.പി.എം., അറബിക് ടീച്ചർ, അഴിയൂർ സെൻട്രൽ എൽ.പി സ്കൂൾ, പി.ഒ.അഴിയൂർ, - 673309, ചോമ്പാല, വടകര, കോഴിക്കോട്.

മാനേജർ, അഴിയൂർ സെൻട്രൽ എൽ.പി സ്കൂൾ, പി.ഒ.അഴിയൂർ, - 673309, ചോമ്പാല, വടകര, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 16-08-2022 10:24:29**
സെക്ഷൻ ഓഫീസർ